ണാലയങ്ങൾ നടത്തിവരുന്നത്. മററുള്ളവർ നടത്തുന്ന വാരികകളും മററും അച്ചടിച്ചുകൊടുക്കുന്നതിനുപുറമെ, 'എസ്. ററി. ആർ. പബ്ലിക്കേഷൻസ്' എന്ന പേരിൽ കുട്ടികൾക്കുവേണ്ടി ചിത്രകഥകൾ (കോമിക്കുകൾ) പല ഭാരതീയഭാഷകളിൽ ഒരേ സമയം പ്രസിദ്ധീകരിക്കുന്നതിനുള്ള ഒരു പരിപാടി, എറണാകുളത്ത് എസ്. ററി. റെഡ്യാർ ആൻഡ് സൺസിന്റെ ചുമതല വഹിക്കുന്ന ശ്രീ രാജേന്ദ്രൻ തയ്യാറാക്കിയിട്ടുണ്ട്.

(13 ജനുവരി, 1985)

# 68. സമരം ജയിച്ചു; ജോലി പോയി!

പ്രൊഫസ്സർ ജോസഫ് മുണ്ടശ്ശേരിയുടെ ശിഷ്യനായി അദ്ദേഹത്തിന്റെ ക്ലാസ്സിൽ ഇരുന്നു പഠിക്കാൻ എനിക്കു ഭാഗ്യമുണ്ടായിട്ടില്ല. എന്നാൽ, സഹപ്രവർത്തകനും സുഹൃത്തുമെന്ന നിലയിൽ ദീർഘകാലം ഞാൻ അദ്ദേഹത്തിന്റെ വളരെ അടുത്തു പെരുമാറിയിട്ടുണ്ട്. പ്രയോജനകരമായ ഈ സമ്പർക്കത്തിന്റെ പ്രാരംഭം കുറിച്ച ചില സംഭവങ്ങളെപ്പററിയാണ് ഇവിടെ പ്രതിപാദിക്കുന്നത്. കേരളത്തിലെ ജനാധിപത്യാധിഷ്ഠിതമായ അദ്ധ്യാപകപ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഈ സംഭവങ്ങൾക്കു ഗണ്യമായ പ്രാധാന്യമുണ്ട്.

1948 മാർച്ചിൽ ഞാൻ കൊടകര നാഷനൽ ഹൈസ്കൂളിലെ ഒരു അദ്ധ്യാപകനായിരുന്നു. 1944–ൽ ഈ സ്കൂൾ ആരംഭിച്ചപ്പോൾ, അതിന്റെ സ്ഥാപകനായ ശ്രീ അരീക്കാട്ട് വേലായുധമേനോൻ വളരെ നിർബന്ധിച്ചതുകൊണ്ടാണ് അന്നു കോഴിക്കോട്ടു രാഷ്ട്രീയപ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്ന ഞാൻ ഈ സ്കൂളിൽ ജോലി സ്വീകരിച്ചത്. ശ്രീ വേലായുധമേനോനു കോൺഗ്രസ്സിന്റെ രാഷ്ട്രീയപ്രവർത്തനങ്ങളിൽ വിശ്വാസമുണ്ടായിരുന്നു. ഈ രാഷ്ട്രീയപ്രവർത്തനങ്ങൾ കൊടകരയിൽ താമസിച്ചു തുടരുവാൻ അദ്ദേഹം എന്നെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ, കൊടകരയിൽ മൂന്നോ നാലോ മാസങ്ങൾക്കകം എനിക്കു മദ്രാസ് സർവകലാശാലയുടെ മലയാളവിഭാഗത്തിൽ ഗവേഷണം നടത്തുന്നതിനുള്ള സൗകര്യം ലഭിച്ചു. അന്നു തുലോം അപൂർവമായിരുന്ന ഈ സൗകര്യം ഉപയോഗപ്പെടുത്താൻവേണ്ടി, ഞാൻ സ്കൂളിലെ ജോലി വിട്ടു. ഗവേഷണം അവസാനിച്ചാൽ തിരികെ കൊടകരയിൽ ചെന്നു സ്കൂളിൽ ജോലിയിൽ പ്രവേശിച്ചുകൊള്ളാമെന്നു ശ്രീ വേലായുധമേനോനു വാക്കുകൊടുത്താണു ഞാൻ മദ്രാസിലേക്കു പോയത്.

ഞാൻ മദ്രാസിൽ പാർക്കുന്ന കാലത്തു ശ്രീ വേലായുധമേനോൻ ഒരു കൊലയാളിയുടെ കത്തിയാൽ ദാരുണമാംവിധം വധിക്കപ്പെട്ടു. മരിച്ച സുഹൃത്തിനു നൽകിയ വാഗ്ദാനം നിറവേററണമെന്ന ആഗ്രഹത്താൽ, ഗവേഷണം പൂർത്തിയാക്കിയശേഷം, 1947–ൽ ഞാൻ വീണ്ടും കൊടകര സ്കൂളിൽ തിരികെയെത്തി ജോലിയിൽ പ്രവേശിച്ചു. ശ്രീ വേലായുധമേനോന്റെ മരണത്തെത്തുടർന്ന് ഈ സ്കൂളിന്റെ മാനേജ്മെൻറ് ഒരു പ്രാദേശികക്കമ്മിററിയുടെ കൈയിലായിരുന്നു. സ്കൂൾ നടത്തിക്കൊണ്ടുപോവുക പ്രയാസമായിത്തോന്നിയതിനാൽ ഈ കമ്മററി പിന്നീട് അതിന്റെ മാനേജ്മെൻറ് കൊച്ചി നായർസമാജത്തിനു കൈമാറി.

ഇക്കാലത്തു കൊച്ചിയിൽ നിലവിലിരുന്ന പരിമിതമായ ജനാധിപത്യസംവിധാനത്തിനു കീഴിൽ ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ

ഒരു മന്ത്രിയായിരുന്നു. ചില സ്വകാര്യവ്യാപാരികൾ തയ്യാറാക്കി പ്രസിദ്ധംചെയ്യുന്ന പാഠപുസ്തകങ്ങളാണ് അക്കാലത്തു കൊച്ചിയിലെ സ്കൂളുകളിൽ പഠിപ്പിച്ചുവന്നതു്. ഈ പുസ്തകങ്ങളുടെ സ്ഥാനത്തു്, സർക്കാർ നേരിട്ടു പാഠപുസ്തകങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിക്കണമെന്നു് ശ്രീ പനമ്പിള്ളി കരുതി. ഇതിനായി, പ്രൊഫസ്സർ പി. ശങ്കരൻനമ്പ്യാരുടെ അദ്ധ്യക്ഷതയിൽ ഒരു പാഠപുസ്തകനിർമ്മാണസമിതി കുറേമുമ്പു രൂപവത്കരിച്ചിരുന്നു. നമ്പ്യാർമാസ്റ്ററുടെ താത്പര്യപ്രകാരം ഈ കമ്മററിയുടെ പൂർണ്ണസമയ—സെക്രട്ടറിയായി ഞാൻ നിയമിക്കപ്പെട്ടു. താമസിയാതെ ശ്രീ പനമ്പിള്ളിക്കു മന്ത്രിസ്ഥാനം നഷ്ടപ്പെട്ടു. ശ്രീ കെ ബാലകൃഷ്ണമേനോൻ വിദ്യാഭ്യാസമന്ത്രിയായി. അദ്ദേഹത്തിന്റെ ആദ്യപ്രവർത്തനങ്ങളിലൊന്നു പാഠപുസ്തകനിർമ്മാണസമിതി പിരിച്ചുവിടുകയായിരുന്നു. അതിനാൽ, വെറും ഒന്നരമാസം പാഠപുസ്തകനിർമ്മാണസമിതിയിൽ പ്രവർത്തിച്ചശേഷം ഞാൻ കൊടകര ഹൈസ്കൂളിലേക്കു തിരിച്ചുപോയി കമ്മററി ഇക്കാലത്തു തയ്യാറാക്കിയ പാഠപുസ്തകങ്ങളിൽ ചിലതു്, പിന്നീടു്, പാഠപുസ്തകദേശസാത്കരണം നടപ്പിലായപ്പോൾ, അച്ചടിച്ചു പ്രസിദ്ധീകരിക്കുകയുണ്ടായി.

ഇങ്ങനെ കൊടകര നാഷനൽ ഹൈസ്കൂളിൽ മൂന്നാം പ്രാവശ്യം അദ്ധ്യാപകനായി ഞാൻ പ്രവർത്തിച്ചുവരുന്ന കാലത്താണു സുപ്രസിദ്ധമായ പാലിയംസത്യാഗ്രഹം നടന്നതു്. ചേന്നമംഗലത്തു പാലിയംകുടുംബത്തിനടുത്തുള്ള പൊതുവഴിയിലൂടെ നടക്കാൻ ഹരിജനങ്ങളെ അന്നു് അനുവദിച്ചിരുന്നില്ല ഈ 'അയിത്ത'ത്തിനെതിരെ, സഞ്ചാരസ്വാതന്ത്ര്യത്തിനുവേണ്ടി നടത്തപ്പെട്ടതായിരുന്നു പാലിയംസത്യാഗ്രഹം. 1948 മാർച്ചുമാസത്തിലെ ആദ്യവാരത്തിൽ, ഈ സത്യാഗ്രഹത്തിൽ പങ്കെടുത്ത ഏതാനും നമ്പൂതിരിസ്ത്രീകൾക്കുനേരെ പോലീസ് കഠിനമായ ചൂരൽപ്രയോഗം നടത്തിയതു നാട്ടിലാകെ വ്യാപകമായ പ്രതിഷേധങ്ങൾ ഉയർത്തി.

കൊടകര നാഷനൽ ഹൈസ്കൂളിൽ അന്നു പത്തൊമ്പതു് അദ്ധ്യാപകർ ഉണ്ടായിരുന്നു ഇവരിൽ ഹെഡ്മാസ്റ്ററും മററു രണ്ടുപേരും ഒഴികെ, പതിനാറു് അദ്ധ്യാപകർ, അയിത്തത്തെ ഉറപ്പിച്ചു നിർത്തുവാൻ കൊച്ചിയിലെ 'ജനകീയ' സർക്കാർ അവലംബിച്ച മർദനമുറയിൽ പ്രതിഷേധിച്ചുകൊണ്ടുള്ള ഒരു പ്രസ്താവനയിൽ ഒപ്പിട്ടു. 1948 മാർച്ച് 7–ാം തീയതിയിലെ 'കൊച്ചിൻ എക്സ്പ്രസ്സ്'' പത്രത്തിൽ ഈ പ്രസ്താവന വളരെ പ്രാധാന്യം നൽകി പ്രസിദ്ധീകരിക്കുകയും ചെയ്തു ഈ പ്രസ്താവന എഴുതിയതും അതു പ്രസിദ്ധീകരണത്തിനു നൽകിയതും ഞാനായിരുന്നു. പത്രത്തിനു് അയയ്ക്കുംമുമ്പു ഞാൻ ഈ പ്രസ്താവന ഹെഡ്മാസ്റ്ററെ കാണിച്ചിരുന്നു. പ്രഗല്ഭനും പ്രഖ്യാതനുമായ ശ്രീ സി. പി. സുബ്രഹ്മണ്യ അയ്യർ ആയിരുന്നു ഹെഡ്മാസ്റ്റർ. കൊച്ചിരാജ്യത്തിലെ വിദ്യാഭ്യാസ ഡയറക്ടറുടെ പേഴ്സണൽ അസിസ്റ്റൻറ് ആയിരിക്കെ പെൻഷൻ വാങ്ങിയശേഷം അദ്ദേഹം കൊടകര നാഷനൽ ഹൈസ്കൂളിലെ ഹെഡ്മാസ്റ്ററായി നിയമിക്കപ്പെട്ടതായിരുന്നു. അദ്ധ്യാപകർക്കു സ്വന്തം ഉത്തരവാദത്തിൽ ഈ പ്രസ്താവന വേണമെങ്കിൽ, പ്രസിദ്ധീകരിക്കാമെന്നാണ് ഹെഡ്മാസ്റ്റർ എന്നോടു പറഞ്ഞതു്. എന്നാൽ, അതിൽ ഒപ്പിടാൻ അദ്ദേഹം തയ്യാറല്ലായിരുന്നു.

പ്രസ്താവന പത്രത്തിൽ വന്ന അന്നുതന്നെ വിദ്യാഭ്യാസവകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ കൊടകര വന്നു ഹെഡ്മാസ്റ്ററുമായി സംസാരിച്ചു. പിറേറന്നു ഹെഡ്മാസ്റ്റർ എല്ലാ അദ്ധ്യാപകരെയും വിളിച്ചുകൂട്ടി. ഈ പ്രസ്താവനയെ സർക്കാരിനെതിരായ ഒരു നടപടിയായിട്ടാണു വിദ്യാഭ്യാസഡയറക്ടർ കാണുന്നതെന്നും അതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്കെതിരെ ഗൗരവമായ അച്ചടക്കനടപടികൾ തുടർന്നു് ഉണ്ടാവു

മെന്നും ഹെഡ്മാസ്റ്റർ ഞങ്ങളോടു പറഞ്ഞു. അഭ്യസ്തവിദ്യരായ പൗരന്മാരെന്ന നിലയിൽ കർത്തവ്യം നിർവഹിക്കുകമാത്രമേ ചെയ്തിട്ടുള്ളൂ എന്നായിരുന്നു അധ്യാപകരായ ഞങ്ങളുടെ നിലപാട്. തുടർന്ന്, സ്കൂളിന്റെ മാനേജ്മെന്റ് വഹിച്ചിരുന്ന നായർസമാജവും അധ്യാപകരുടെ നേരെ അച്ചടക്കനടപടിയെടുക്കുമെന്നു ഭീഷണിപ്പെടുത്തി. ഈ പരിതഃസ്ഥിതിയിൽ ആദ്യത്തെ പ്രസ്താവന പത്രത്തിൽ പരസ്യം ചെയ്തതിൽ ഖേദിക്കുന്നതായി മറ്റൊരു പ്രസ്താവന പത്രത്തിനയച്ചു കൊടുക്കാൻ ഹെഡ്മാസ്റ്റർ ഞങ്ങളെ തുടരെ ഉപദേശിച്ചു. പക്ഷേ, ഞങ്ങൾ അതിനു വഴങ്ങിയില്ല. സ്ഥിതിഗതികൾ ഈ നിലയിലിരിക്കേ, മാർച്ച് 30-ാം തീയതി മധ്യവേനൽ അവധിക്കു സ്കൂൾ അടച്ചു.

ഞങ്ങളുടെ പത്രപ്രസ്താവന 'അക്രമത്തിനു പ്രേരിപ്പിക്കുന്നതും സർക്കാരിനെതിരെ വിദ്വേഷം പ്രചരിപ്പിക്കുന്നതും' ആകയാൽ സർക്കാർ അതിനെ ഗൗരവത്തോടെ വീക്ഷിക്കുന്നുവെന്നും അതിൽ ഒപ്പിട്ടവർ അച്ചടക്കനടപടികൾക്കു വിധേയരാകാതിരിക്കാൻ കാരണം കാണിച്ചു സമാധാനം ബോധിപ്പിക്കണമെന്നും ഒരു സർക്കാർ കല്പന, 1948 ഏപ്രിൽ ആദ്യവാരത്തിൽ ഹൈസ്കൂൾഹെഡ്മാസ്റ്റർക്കു കിട്ടി. കൊടകരപോലുള്ള ഒരു നാട്ടിൻപുറത്തെ മുഖ്യസ്ഥാപനമായ ഹൈസ്കൂളിൽ അധ്യാപകരിൽ ഭൂരിഭാഗത്തെയും ബാധിക്കുന്ന ഇത്തരമൊരു കല്പന ഉളവാക്കാവുന്ന കോളിളക്കത്തെപ്പറ്റി ഊഹിക്കാമല്ലോ. പല തലങ്ങളിലുള്ള കൂടിയാലോചനകൾക്കുശേഷം, പ്രസ്താവനയിൽ ഒപ്പിട്ട പതിനാറ് അധ്യാപകരിൽ പത്തു പേരും തങ്ങൾ ചെയ്തുപോയ പ്രവൃത്തിയിൽ ഖേദിക്കുന്നതായി ഗവൺമെന്റിനെ രേഖാമൂലം അറിയിച്ചു. മാപ്പെഴുതി കൊടുക്കാൻ ഞങ്ങൾ ആറുപേർ അപ്പോഴും തയ്യാറായില്ല. പകരം ഞങ്ങളുടെ നിലപാടു സാധൂകരിച്ചുകൊണ്ട് ഒരു വിശദീകരണമാണു ഞങ്ങൾ കൊടുത്തത്. അതിൽ ഒപ്പിട്ട ആറുപേരിൽ ഒരു അധ്യാപികകൂടി ഉൾപ്പെട്ടിരുന്നു. ജോലിയിൽനിന്നു ഞങ്ങളെ ഡിസ്മിസ് ചെയ്യുമെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടായിരുന്നില്ല.

ഈ പ്രസ്താവനയിൽ ഒപ്പുവെച്ചവരെ, പ്രത്യേകിച്ച് അതിന് അവരെ പ്രേരിപ്പിച്ചതായി വിശ്വസിക്കപ്പെട്ടിരുന്ന എന്നെ ശിക്ഷിക്കുന്നതിൽ മന്ത്രിക്കും വിദ്യാഭ്യാസഡയറക്ടർക്കും പ്രത്യേകം താല്പര്യം തോന്നാൻ കാരണമുണ്ടായിരുന്നു. മൂന്നു മാസംമുമ്പ്, 1948 ജനവരി 9-ാംതീയതി, കുന്നംകുളത്തിനടുത്ത്, പെരുമ്പിലാവ് ഹൈസ്കൂളിലെ വാർഷികാഘോഷം വിദ്യാഭ്യാസമന്ത്രി ശ്രീ ബാലകൃഷ്ണമേനോന്റെ അധ്യക്ഷതയിൽ നടക്കുകയുണ്ടായി. ഈ സമ്മേളനം ഉദ്ഘാടനംചെയ്തുകൊണ്ടു വിദ്യാഭ്യാസഡയറക്ടർ ചെയ്ത പ്രസംഗത്തിൽ, വിദ്യാർത്ഥികൾ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുന്നതിനെ കർശനമായി വിമർശിച്ചിരുന്നു. ഇതേ ഹൈസ്കൂളിലെ ഒരധ്യാപകനും എന്റെ സുഹൃത്തുമായ ശ്രീ കെ. ഗംഗാധരമേനോന്റെ താല്പര്യപ്രകാരം, എന്നെയാണ് ഈ സമ്മേളനത്തിൽ പ്രസംഗിക്കാനായി വിളിച്ചിരുന്നത്. എന്റെ പ്രസംഗത്തിൽ പാഠപുസ്തകങ്ങൾ ദേശസാത്ക്കരിക്കുന്നതിനുള്ള ശ്രമം കുത്തകക്കമ്പനികൾക്കുവേണ്ടി കൈവിട്ടുകളഞ്ഞ സർക്കാരിന്റെ വിദ്യാഭ്യാസനയത്തെ ഞാൻ യുക്തിയുക്തം എതിർത്തു. മഹാത്മാഗാന്ധിയെപ്പോലുള്ള നേതാക്കൾ വിദ്യാർത്ഥികളെ രാഷ്ട്രീയപ്രവർത്തനത്തിന് ആഹ്വാനംചെയ്തിരിക്കെ അതിനെതിരായി വിദ്യാഭ്യാസഡയറക്ടർ ഉന്നയിക്കുന്ന വാദങ്ങൾ വിദ്യാർത്ഥികൾ അവഗണിക്കുകയേ വേണ്ടൂ എന്നും ഞാൻ പറഞ്ഞു. മുഖം നോക്കിയുള്ള ഈ എതിർപ്പ് അധ്യക്ഷനായ മന്ത്രിയോ ഉദ്ഘാടകനായ ഡയറക്ടറോ സ്കൂളധികൃതരോ പ്രതീക്ഷിച്ചിരുന്നില്ല. സദസ്സിൽ ആകെ ക്ഷോഭമായി. അന്നു കുന്നംകുളത്തെ

എം. എൽ. എ. യും മന്ത്രിയുടെ പാർട്ടിക്കാരനുമായിരുന്ന ശ്രീ സി. വി ഇയ്യു ശ്രോതാക്കരംക്കിടയിൽ ഇരിക്കുന്നുണ്ടായിരുന്നു. അദ്ദേഹം എഴുന്നേററുനിന്നു്, 'പ്രസംഗം നിത്തണം, ഇതു കേരംക്കാനല്ല ഞങ്ങരം വന്നിട്ടുള്ളതു്' എന്നു് ഉറക്കെ വിളിച്ചുപറഞ്ഞു. 'പ്രസംഗിച്ചേതീരൂ എന്നു് എനിക്കു നിർബന്ധമില്ല. സ്കൂളധികൃതർ പ്രസംഗിക്കാൻ ക്ഷണിച്ചിട്ടാണു ഞാൻ വന്നതു്. സദസ്യർക്കു കേരംക്കണമെന്നില്ലെങ്കിൽ ഞാൻ പ്രസംഗം തുടരുന്നില്ല' എന്നു ഞാൻ പറഞ്ഞു.

ഹിന്ദി അദ്ധ്യാപകനും സാഹിത്യകാരനും എൻെറ സുഹൃത്തുമായ ശ്രീ വി. പി. ജോസഫ് സദസ്സിലുണ്ടായിരുന്നു അദ്ദേഹം എഴുന്നേററു നിന്നു് 'പ്രസംഗം മുഴുവൻ ഞങ്ങരംക്കു കേരംക്കണം' എന്നു് ഉറക്കെ വിളിച്ചുപറഞ്ഞു. സ്വാഭാവികമായും, വളരെയധികം വിദ്യാത്ഥികരം അദ്ദേഹത്തിൻെറ പിന്നിൽ അണിനിരന്നു. 'പ്രസംഗം തുടരണം' എന്നു സദസ്സ് ഉച്ചത്തിൽ ആവശ്യപ്പെട്ടു.

'ഈ സർക്കാരിൻെറ വിദ്യാഭ്യാസനയത്തിൽ മൗലികമായ മാററങ്ങരം ആവശ്യമാണെന്നും വിദ്യാർത്ഥികരം രാഷ്ട്രീയകാര്യങ്ങളിൽ സക്രിയമായി പങ്കെടുക്കണമെന്നുമാണ് എനിക്കു പറയാനുള്ളതു്. ഈ രണ്ടു കാര്യങ്ങളും സദസ്സിനു ബോദ്ധ്യമായിരിക്കുന്നു. എൻെറ പ്രസംഗം സഫലമായിരിക്കുന്നു ഞാൻ നിർത്തുന്നു' ഇത്രയും പറഞ്ഞു ഞാൻ പ്രസംഗം അവസാനിപ്പിച്ചു. ഉപസംഹാരത്തിനെഴുന്നേററ വിദ്യാഭ്യാസമന്ത്രി 'ഇത്തരം പ്രാസംഗികന്മാരെ ക്ഷണിക്കുന്ന സദസ്സുകളിൽ മേലാൽ ഞാൻ പങ്കെടുക്കുന്നതല്ല' എന്നു പ്രഖ്യാപിച്ചു!

ഈ പശ്ചാത്തലത്തിൽ പാലിയം സത്യാഗ്രഹം സംബന്ധിച്ച ഞങ്ങളുടെ പ്രസ്താവന വിദ്യാഭ്യാസമന്ത്രിയും ഡയറക്ടറും 'ഗൗരവ'മായി എടുത്തതിൽ ആശ്ചര്യത്തിനു് അവകാശമില്ല.

ഉദ്യോഗം നഷ്ടപ്പെടാതെ നോക്കേണ്ടതു ഞങ്ങളുടെ ആവശ്യമായിരുന്നു. അതിലേറെ, അദ്ധ്യാപകരുടെ പൗരാവകാശസംരക്ഷണമെന്ന വ്യാപകമായ പ്രശ്നവും ഇതിൽ അന്തർഭവിച്ചിരുന്നു. അതിനാൽ, ശിക്ഷ ഒഴിവാക്കാൻ സംഘടിതമായി എന്തെങ്കിലും പ്രവർത്തിച്ചേ തീരൂ എന്നു ഞങ്ങരം കരുതി.

വളരെക്കാലം പ്രശസ്തമായി നടന്നശേഷം ഇടക്കാലത്തു പ്രവർത്തനം മന്ദീഭവിച്ചുപോയ 'കൊച്ചിൻ ടീച്ചേഴ്സ് അസോസിയേഷ'ൻെറ അദ്ധ്യക്ഷനായിരുന്നു അന്നു് പ്രൊഫസർ മുണ്ടശ്ശേരി. 'സി. ടി. എ.' എന്നറിയപ്പെട്ടിരുന്ന ഈ സംഘടന താരതമ്യേന നിർജ്ജീവമായിരുന്നെങ്കിലും, ശ്രീ പി. ജെ. കുഞ്ഞുവറിയതു സെക്രട്ടറിയായിരുന്ന കൊച്ചി എയ്ഡഡ് പ്രൈമറി ടീച്ചേഴ്സ് അസോസിയേഷൻ (സി. എ. പി. ടി. എ.) അന്നു് ഊർജ്ജിതമായി പ്രവർത്തിച്ചിരുന്നു. സി. പി. ടി. എ. യുടെ പ്രവർത്തനങ്ങളുമായി അതിനകം ഞാൻ ബന്ധപ്പെട്ടിട്ടുണ്ടായിരുന്നു.

പ്രൊഫസർ മുണ്ടശ്ശേരിയെ ഞാൻ ആദ്യമായി കണ്ടതു്, 1935–ലോ, 1936–ലോ, തൃപ്പൂണിത്തുറ സംസ്കൃത കോളേജിലെ മലയാളസാഹിത്യസമാജത്തിൻെറ വാർഷികത്തിൽ അദ്ദേഹം പ്രൗഢഗംഭീരമായ ഒരു പ്രസംഗം ചെയ്തപ്പോഴാണ്. ഈ പ്രസംഗത്തിൻെറ ഒരു ഫലം, സംസ്കൃത കോളേജിനോടനുബന്ധിച്ചുള്ള പണ്ഡിതസംഘം പ്രൊഫസർ മുണ്ടശ്ശേരിക്കു് 'സാഹിത്യനിപുണ' ബിരുദവും ഒരു സ്വർണമുദ്രയും പിന്നീടു നൽകി എന്നതായിരുന്നു. അതിനുശേഷവും പലതവണ പ്രൊഫസർ മുണ്ടശ്ശേരിയുടെ പ്രസംഗം ഞാൻ കേട്ടിരുന്നു. എന്നാൽ, അദ്ദേഹവുമായി വ്യക്തിപരമായ പരിചയം എനിക്കുണ്ടായിരുന്നില്ല. അതിനാൽ ഞാനും എൻെറ സഹാദ്ധ്യാപകരായിരുന്ന ശ്രീ കെ. സി. മേനോൻ, ശ്രീ എം.

ശ്രീധരമേനോൻ എന്നിവരും അദ്യം സി. എ. പി. ടി. എ. സെക്രട്ടറി ശ്രീ കഞ്ഞുവറീതിനെ ചെന്നുകണ്ടു. പിന്നീട് ഞങ്ങരം ഒന്നിച്ച് മുണ്ടശ്ശേരി മാസ്റ്ററെ കണ്ടു വിവരം അറിയിച്ചു. ഗൗരവമായി എടുക്കേണ്ട ഒരു പ്രശ്നമാണ് ഞങ്ങളുടേതെന്ന് മുണ്ടശ്ശേരി മാസ്റ്ററും കരുതി.

1948 ഏപ്രിൽ 11-ാം തീയതി മുണ്ടശ്ശേരി മാസ്റ്ററും കുഞ്ഞുവറിയതും ഞാനും കൂടി ഇടക്കാഞ്ചേരിയിലേക്ക പോയി. വിദ്യാഭ്യാസമന്ത്രി ശ്രീ ബാലകൃഷ്ണമേനോൻ അന്ന് അവിടെ ടി. ബി. യിൽ ക്യാമ്പു ചെയ്യുകയുന്നു. എന്റെ മുഖംകണ്ട മന്ത്രി ആദ്യമേ ക്ഷോഭിക്കേണ്ട എന്നു കരുതി, എന്നെ പുറത്തുനിർത്തി മററു രണ്ടുപേരും ചേർന്നു മന്ത്രിയെ സന്ദർശിച്ചു. ഏതാനും സമയം കഴിഞ്ഞു പുറത്തുവന്ന മുണ്ടശ്ശേരി മാസ്റ്റർ പറഞ്ഞു: 'തന്നെ അയാരം പിരിച്ചുവിടും. മററുള്ളവരുടെ കാര്യം എങ്ങനെയോ!'

പക്ഷേ, കാര്യം അവിടെ അവസാനിച്ചില്ല. ഞങ്ങളുടെ പ്രശ്നം കൊച്ചി അദ്ധ്യാപകസംഘടന (സി. ടി. എ.) ഏറെറടുത്തു. അദ്ധ്യാപകരെന്ന നിലയിൽ തങ്ങളുടെ പൗരധർമം നിർവഹിക്കുക മാത്രമാണ ഞങ്ങരം ചെയ്തിട്ടുള്ളതെന്നും ഞങ്ങളുടെമേൽ ഇതിന്റെ പേരിൽ എടുത്തിട്ടുള്ള നടപടി ദുരുപദിഷ്ടമാണെന്നും അതുടനെ പിൻവലിക്കണമെന്നും കൊച്ചി അദ്ധ്യാപകസംഘടന, ഔദ്യോഗികമായി പിറേറന്ന് (ഏപ്രിൽ 12) മന്ത്രിക്ക് ഒരു നിവേദനം നൽകി. ഞങ്ങളുടെ നിലപാടിനെ ശക്തിയായി അനുകൂലിച്ചുകൊണ്ട് 'ദീനബന്ധു' ദിനപ്പത്രം ഒരു മുഖപ്രസംഗം ആയിടയ്ക്കു പ്രസിദ്ധപ്പെടുത്തി. അന്ന് ശ്രീ എം. കെ. രാജാ ആയിരുന്നു 'ദീനബന്ധു'വിന്റെ പത്രാധിപർ എന്നാണ് എന്റെ ഓർമ.

എയ്ഡഡ് പ്രൈമറി ടീച്ചേഴ്സ് അസോസിയേഷന്റെ പ്രവർത്തകരായ സുഹൃത്തുക്കളുടെ ഉത്സാഹത്തിൽ, സർക്കാർ സർവീസിൽ അല്ലാത്ത എല്ലാവിഭാഗം അദ്ധ്യാപകരെയും ഉരംക്കൊള്ളിച്ചുകൊണ്ട് ഒരു 'നോൺ-സർക്കാർ ടീച്ചേഴ്സ് കൺവെൻഷൻ' 1948 മെയ് 2-ാം തീയതി ഞങ്ങരം തൃശ്ശൂരിൽ വിളിച്ചുകൂട്ടി. മുണ്ടശ്ശേരി മാസ്റ്റർ അദ്ധ്യക്ഷത വഹിച്ച ഈ സമ്മേളനത്തിൽ 'അദ്ധ്യാപകരുടെ ഒരു അവകാശപത്രം' (ടീച്ചേഴ്സ് ചാർട്ടർ) അവതരിപ്പിച്ചു ഞാൻ പ്രസംഗിച്ചു. തെരഞ്ഞെടുപ്പിനു നില്ക്കാനുള്ള അവകാശങ്ങരം ഉരംപ്പെടെ ഒരു സ്വതന്ത്രപൗരനുള്ള എല്ലാ അവകാശങ്ങളും ഒരു സർക്കാർ-ഇതര സ്ഥാപനത്തിലെ അദ്ധ്യാപകനുമുണ്ടായിരിക്കമെന്നു പ്രഖ്യാപിക്കുന്ന ഈ രേഖ സമ്മേളനം അംഗീകരിക്കുകയും പിന്നീട് ഒരു ലഘുലേഖയായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി. അദ്ധ്യാപകരുടെ രാഷ്ട്രീയ-പൗരാവകാശങ്ങരം സമരത്തിലൂടെ നേടിയെടുക്കുന്നതിനുവേണ്ടി വിപുലമായ മറെറാരു കൺവെൻഷൻ വിളിച്ചുകൂട്ടുന്നതിനും ഈ സമ്മേളനം തീരുമാനിച്ചു. കൺവെൻഷൻ നടത്തുന്നതിനു രൂപവത്ക്കരിച്ച അഡ്ഹോക് കമ്മററിയുടെ സെക്രട്ടറി ഞാനായിരുന്നു.

ഈ സമ്മേളനത്തെത്തുടർന്ന് കൊച്ചി അദ്ധ്യാപകസംഘം (സി. ടി. എ.) പ്രസിദ്ധീകരിച്ചിരുന്ന 'ടീച്ചേഴ്സ് മാഗസിൻ' എന്ന ഇംഗ്ലീഷ് മലയാളം ത്രൈമാസികത്തിന്റെ മാനേജരായി ഞാൻ നിയമിക്കപ്പെട്ടു. അധികം താമസിയാതെ സി. ടി. എ. യുടെ സെക്രട്ടറിയായും എന്നെ തെരഞ്ഞെടുക്കുകയുണ്ടായി. 'ജനയുഗം' എന്ന പേരിൽ ഒരു വാരിക സി. എ. പി. ടി. ആരംഭിച്ചപ്പോരം അതിന്റെ പത്രാധിപരും ഞാൻ ആയിരുന്നു. അദ്ധ്യാപകപ്രസ്ഥാനത്തിൽ മുണ്ടശ്ശേരി മാസ്റ്ററുമൊന്നിച്ചു നാലഞ്ചു വർഷം പ്രവർത്തിക്കുന്നതിനുള്ള സുവർണസന്ദർഭം എനിക്കു തുറന്നുകിട്ടിയതു് ഈ സംഭവപരമ്പരയിലൂടെയാണ്.

ഈ സംഘടിതപ്രവർത്തനത്തിന്റെ ഫലമായിട്ടാവാം, ഞങ്ങരം ആറുപേരുടെ വിശദീകരണം സർക്കാരിലേക്കയച്ചുകൊണ്ട്, ഞങ്ങരംക്ക് ഒരു താക്കീതു നൽകി ഇതുസംബന്ധിച്ച നടപടികരം നിർത്തിവയ്ക്കാൻ വിദ്യാഭ്യാസഡയറക്ടർ ശുപാർശ ചെയ്യതു്. എന്റെ സുഹൃത്തുക്കരംക്ക സർക്കാരിന്റെ താക്കീതു കിട്ടിയോ എന്നു് എനിക്കു് അറിഞ്ഞുകൂടാ. എനിക്കു് ഏതായാലും അതു കിട്ടുകയുണ്ടായില്ല. കാരണം, അതിനുമുമ്പു്, 1948 ഏപ്രിൽ മാസത്തിന്റെ മദ്ധ്യത്തിൽ, കൊടകര നാഷനൽ ഹൈസ്കൂളിന്റെ മാനേജ്മെൻറ് എന്നെ ജോലിയിൽനിന്നും പിരിച്ചുവിട്ടിരുന്നു. പിരിച്ചയയ്ക്കുന്നതിനു കാരണമായി പറഞ്ഞിരുന്നതു്, ആ വിദ്യാഭ്യാസവർഷത്തിൽ, പാഠപുസ്തകക്കമ്മററിയുടെ സെക്രട്ടറിയായി നിയമിക്കപ്പെട്ടതിനെത്തുടർന്നു് ഒന്നരമാസക്കാലം അവധിഎടുക്കവാൻ, സ്ഥിരം ജോലിക്കാരനല്ലാത്ത എനിക്കു് അർഹതയുണ്ടായിരുന്നില്ലെന്ന സാങ്കേതികകാരണമാണു്.

അങ്ങനെ ഞങ്ങളുടെ സമരം ജയിച്ചു; പക്ഷേ, എന്റെ ജോലി പോയി!

(മുണ്ടശ്ശേരി സ്മരണിക, 83–84)

# 69. പണ്ഡിതരാജൻ പി. എസ്. അനന്തനാരായണശാസ്ത്രികൾ

ഇരുപതാം നൂററാണ്ടിന്റെ ആദ്യത്തെ പകുതിയിൽ ഉജ്ജ്വലപ്രതിഭരായ ഏതാനും സംസ്കൃതപണ്ഡിതന്മാർ കേരളത്തിൽ ജീവിച്ചിരുന്നു. സംസ്കൃതസാഹിത്യത്തിലും, തർക്കം, വ്യാകരണം, വേദാന്തം, മീമാംസ, വൈദ്യം, ജ്യോതിഷം എന്നീ ശാസ്ത്രങ്ങളിലും ഗുരുകുലരീതിയിലുള്ള ശിക്ഷണവും പാരമ്പര്യസമ്പ്രദായത്തിലുള്ള പചേളിമപാണ്ഡിത്യവും നേടിയവരായിരുന്നു ഇവർ. ഇവരിൽ ചിലരാകട്ടെ, ഇംഗ്ലീഷിലും പാശ്ചാത്യരീതിയിലുള്ള പൗരസ്ത്യവിദ്യാപഠനത്തിലുംകൂടി പരിചയം സമ്പാദിച്ചിരുന്നു. പട്ടാമ്പി, തൃപ്പൂണിത്തുറ, തിരുവനന്തപുരം എന്നിവിടങ്ങളിലുള്ള സംസ്കൃതകോളേജുകളുമായി ബന്ധപ്പെട്ടിരുന്ന ഇവരെ ആദരിക്കുന്നതു് തങ്ങളുടെ കടമയായി കൊച്ചി–തിരുവിതാംകൂർ മഹാരാജാക്കന്മാർ കരുതിവന്നു. പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ, കൊടുങ്ങല്ലൂർ ഭട്ടൻതമ്പുരാൻ, മാന്തിട്ട കുഞ്ചുനമ്പൂതിരി, ചേന്ദമംഗലം അയ്യാശാസ്ത്രികരം, എം. ബി. ശങ്കരനാരായണശാസ്ത്രികരം, വടക്കേപ്പാട്ടു് നാരായണൻനായർ, തൃക്കോവിൽ ഉഴുത്രവാരിയർ, വലിയരാമപ്പിഷാരടി, സേതുമാധവദീക്ഷിതർ, സാംബശിവശാസ്ത്രികരം, വാഴ്ചയൊഴിഞ്ഞ കൊച്ചിമഹാരാജാവു്, പരീക്ഷിത്തുതമ്പുരാൻ അങ്ങനെ ഇവരുടെ പട്ടിക നീണ്ടുപോകുന്നു. ഈ പണ്ഡിതപരമ്പരയിൽ പ്രമുഖമായ ഒരു സ്ഥാനം വഹിച്ചിരുന്ന ആളാണു് ക്രിസ്തുവർഷം 1885–ൽ ജനിച്ചു് 1947–ൽ അന്തരിച്ച പുതുക്കോട്ടു് സീതാരാമയ്യർ അനന്തനാരായണശാസ്ത്രികരം.

അനന്തനാരായണശാസ്ത്രികളുടെ പിതാവായ സീതാരാമയ്യർ തൃശ്ശൂരിൽ ജില്ലാകോടതിയിലെ ഒരു വക്കീൽ ആയിരുന്നു. നാരായണിയമ്മാരം എന്നായിരുന്നു ശാസ്ത്രികളുടെ അമ്മയുടെ പേരു്. പ്രസിദ്ധപണ്ഡിതനായ പി. എസ്. സുബ്ബരാമപട്ടർ ശാസ്ത്രികളുടെ അനുജനായിരുന്നു.